**ക്രമപ്രശ്നം**

<u>ഗവർണറുടെ അംഗീകാരം ലഭിച്ച ആക്റ്റ് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച്</u>

<u>ശ്രീ. എ. പി. അനിൽകുമാർ:</u> സർ, 2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്റ്റ് 27-06-2024-ന് സഭയുടെ മേശപ്പുറത്തുവച്ച നടപടിയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2023 നവംബർ 12-ന് ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭിച്ച പ്രസ്തുത ബിൽ 2023 നവംബർ 14-ന് 2023-ലെ ഇരുപത്തിയേഴാം ആക്റ്റായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ഭരണഘടനയുടെ അനുച്ഛേദം 200 പ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെയോ അനുച്ഛേദം 201 പ്രകാരം ബഹുമാനപ്പെട്ട പ്രസിഡന്റിന്റെയോ അനുമതി ലഭിച്ച ആക്റ്റുകൾ പ്രസിദ്ധപ്പെടുത്തിയതിനുശേഷം തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽതന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കീഴ്വഴക്കമാണ് കേരള നിയമസഭയിൽ പിന്തുടരുന്നത്. എന്നാൽ പ്രസ്തുത ആക്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം 2024

ജനുവരി 25 മുതൽ ഫെബ്രുവരി 15 വരെ പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം ചേർന്നിരുന്നു. പ്രസ്തുത സമ്മേളനത്തിൽ ഈ ആക്റ്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചില്ല. ആക്റ്റ് പ്രസിദ്ധീകരിച്ച് ഏഴ് മാസങ്ങൾക്കുശേഷമാണ് 27-06-2024-ന് സഭയുടെ മേശപ്പുറത്ത് വച്ചത്. നിയമസഭ പാസ്സാക്കിയ ബില്ലുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും പ്രസ്തുത നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുവാൻ ആരംഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും സമാജികർക്ക് യഥാസമയം അറിവ് ലഭിക്കേണ്ടത് കാര്യക്ഷമമായ പാർലമെന്ററി പ്രവർത്തനത്തിന് അനിവാര്യമായ കാര്യമാണ്. അനുമതി ലഭിച്ച ആക്റ്റുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പുറപ്പെടുവിച്ചിരുന്ന നിർദ്ദേശം നമ്പർ 13-ൽ ആക്റ്റുകൾ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലപരിധി വ്യക്തമാക്കിയിട്ടില്ല. എന്നാൽ നിർദ്ദേശം നം. 12-ൽ റെഗുലേഷനുകൾ, ചട്ടങ്ങൾ മുതലായവ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലപരിധി നിശ്ചയിച്ചിരുന്നു. ആയത് ഇപ്പോൾ പുതുക്കിയ ചട്ടം 166 (എ) ആയി നിയമസഭാ ചട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സഭ പാസ്സാക്കി അനുമതി ലഭിച്ച ആക്റ്റുകൾ അടുത്ത നിയമസഭാ

സമ്മേളനത്തിൽതന്നെ കർശനമായി സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് നിർദ്ദേശം നം. 13 പരിഷ്കരിച്ച് അങ്ങയുടെ ഭാഗത്തുനിന്ന് റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗൗരവമായ പ്രശ്നമാണ് ക്രിയാത്മകമായ നിർദ്ദേശത്തോടുകൂടി ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. അതിന് ഞാൻ അംഗത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. യഥാർത്ഥത്തിൽ ഇത് ബോധപൂർവ്വമായിട്ടുള്ളതല്ല, കാരണം ബിൽ മലയാളത്തിലാണ്. അത് സെലക്ട് കമ്മിറ്റിക്ക് പോയി വന്നൊരു ബില്ലായതുകൊണ്ട് അവതരിപ്പിക്കപ്പെട്ട ബില്ലിൽനിന്ന് വളരെയേറെ മാറ്റങ്ങൾ വരികയുണ്ടായി. മലയാളത്തിലുള്ള ബില്ലിന് ഗവർണറുടെ അനുമതി ലഭിച്ചുവന്നു. ഇംഗ്ലീഷ് പരിഭാഷ പിന്നീടാണ് ഗവർണർക്ക് അയച്ച് അനുമതി ലഭിച്ചുവന്നത്. പ്രത്യേകം വ്യവസ്ഥകളൊന്നും ഇല്ലാത്തതുകൊണ്ട് ഇവ രണ്ടും വന്നശേഷം ഒന്നിച്ച് നിയമസഭയ്ക്ക് നൽകാമെന്നാണ് അവർ കരുതിയിരുന്നത്. കീഴ്വഴക്കം ഇവിടെ പറഞ്ഞതുതന്നെയാണ്. അത് ആവർത്തിക്കാതിരിക്കാനുള്ള നിലപാട് അവർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

എന്നാൽ ഒരു ഭാഗം ഉള്ളത്, ചെയറിന്റെ രണ്ട് നിർദ്ദേശങ്ങളെക്കുറിച്ച് (12-ഉം, 13-ഉം) ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ 13-ാം നമ്പർ നിർദ്ദേശത്തിൽ പറഞ്ഞിരിക്കുന്ന ചട്ടം 166(1)-ന്റെ ഭാഗമായ നിർദ്ദേശം ചട്ടം പുതുക്കിയപ്പോൾ ഈ ചട്ടത്തിനകത്തേയ്ക്കുതന്നെ ഇൻകോർപ്പറേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പതിമൂന്നാം നമ്പർ നിർദ്ദേശം ഒറ്റയ്ക്ക് നിൽക്കുകയാണ്. പതിമൂന്നാം നമ്പർ നിർദ്ദേശത്തിന് ആധാരമായി ഒരു ചട്ടവും നമ്മുടെ റൂളിലില്ല. റൂൾ 98 ഉം 99-ഉം പറഞ്ഞിരിക്കുന്നതെന്താണെന്ന് നോക്കാം. റൂൾ 98-ൽ പറഞ്ഞിരിക്കുന്നത് authentication എങ്ങനെയാണെന്നാണ്. ബിൽ പാസ്സാക്കി കഴിഞ്ഞാൽ ബഹു. സ്പീക്കർ അതിന്റെ ഫോർമാറ്റ് അടിസ്ഥാനപ്പെടുത്തി ഗവർണർക്ക് അയയ്ക്കണം. റൂൾ 99 പറയുന്നത്, ഗവർണരുടെ സന്ദേശം ലഭിച്ചാൽ, ആ സന്ദേശം മാറ്റം വരുത്തുന്നത് സംബന്ധിച്ചുള്ളതാണ്, തിരിച്ചയച്ചാൽ... ആ സന്ദേശം സഭയിൽ വയ്ക്കണമെന്നാണ് റൂൾ 99 പറയുന്നത്. ലോക്സഭാ ചട്ടങ്ങളുടേതിന് സമാനമായിട്ടുള്ളതാണ് നമ്മുടെ ചട്ടങ്ങൾ. അപ്പോൾ ഇത് കിട്ടിയാൽ മേശപ്പുറത്ത് വയ്ക്കണമെന്നുള്ളത് ചട്ടത്തിന്റെ ഭാഗമായിട്ടില്ല. എന്നാൽ നോട്ടിഫിക്കേഷനുകളും റെഗുലേഷനുകളെല്ലാംതന്നെ

ചട്ടം 166-ൽ കൃത്യമായി പറയുന്നുണ്ട്. അത് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് നേരത്തെ പറഞ്ഞതുപോലെ നിർദ്ദേശം വന്നിട്ടുള്ളത്. ആ നിർദ്ദേശം ഇപ്പോൾ പുതിയ ചട്ടത്തിന്റെ ഭാഗമാകുകയും ചെയ്തു. യഥാർത്ഥത്തിൽ അങ്ങയുടെ നിർദ്ദേശം അപ്ഡേറ്റ് ചെയ്യാനേ ചെയറിന് കഴിയുകയുള്ളൂവെങ്കിൽപ്പോലും യഥാർത്ഥത്തിൽ ചട്ടത്തിൽതന്നെ 98-ന്റെ തുടർച്ചയായിട്ടോ അല്ലെങ്കിൽ രണ്ടിനുമിടയിൽ പുതിയതായോ ഇങ്ങനെയൊരു വ്യവസ്ഥകൂടി ഉണ്ടാകേണ്ടത്...... ചിലപ്പോൾ ഇത് ഉദ്യോഗസ്ഥർക്ക് വ്യക്തതയുണ്ടായെന്ന് വരില്ല. അങ്ങനെ ചട്ടത്തിൽ തന്നെ ഒരു ഭേദഗതി വരുത്തുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുന്നത് ഉചിതമായിരിക്കും എന്നാണ് സൂചിപ്പിക്കാനുള്ളത്.